**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹനമിട്ട ചോദ്യം നം. 22** **01-02-2023 - ൽ മറുപടിയ്ക്ക്**

**ഭരണനിർവഹണം അഴിമതിരഹിതവും കാര്യക്ഷമവുമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഭരണനിർവഹണം ജനകീയവും അഴിമതിരഹിതവും കാര്യക്ഷമവുമാക്കുന്നതിന് സംസ്ഥാനം നടത്തിയ പ്രവർത്തനത്തിന് കേന്ദ്ര സർക്കാരിന്റെ ഡിജിറ്റൽ ഇൻഡ്യ അവാർഡ് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്.<br><br>ഡിജിറ്റൽ ഭരണത്തിലെ മാതൃകാപരമായ സംരംഭങ്ങളെ തിരിച്ചറിയുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ ഡിജിറ്റൽ ഇന്ത്യ അവാർഡുകളുടെ ഏഴാം പതിപ്പിൽ കേരളത്തിൽ നിന്നുള്ള 3 സംരംഭങ്ങൾ വിജയികളായിട്ടുണ്ട്.<br><br>1. ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (പ്ലാറ്റിനം അവാർഡ്, സ്റ്റാർട്ടപ്പ് മേഖലയുമായി സഹകരിച്ചുള്ള ഡിജിറ്റൽ സംരംഭങ്ങൾ)<br><br>2. കോട്ടയം ജില്ലയുടെ വെബ്സൈറ്റ് (ഗോൾഡ് അവാർഡ്, GIGW (Guidelines for Indian Government Websites), ആക്സസിബിലിറ്റി മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിക്കുന്ന മികച്ച വെബ്, മൊബൈൽ സംരംഭങ്ങൾ ഉൾപ്പെടുന്ന വിഭാഗം)<br><br>3.ക്ഷീരശ്രീ പോർട്ടൽ (സിൽവർ അവാർഡ്, ഗ്രാസ്റൂട്ട് ലെവൽ വിഭാഗത്തിലെ ഡിജിറ്റൽ സംരംഭങ്ങൾ) |
| (ബി) | മികച്ച സേവനം സമയബന്ധിതമായി ലഭ്യമാക്കുന്നതിന് ചട്ടങ്ങളിൽ ഉചിതമായ മാറ്റങ്ങൾ വരുത്തുന്നതിനും സേവനങ്ങൾ ഡിജിറ്റലായി നൽകുന്നതിനും ജീവനക്കാരുടെ വൈദഗ്ധ്യം മെച്ചപ്പെടുത്തുന്നതിനും പദ്ധതിയുണ്ടോ; | (ബി) | പൊതുജനങ്ങൾക്ക് സേവനം ഒരു അവകാശമായി മാറ്റിക്കൊണ്ട് 2012-ൽ വിജ്ഞാപനം ചെയ്ത സേവനാവകാശനിയമം നടപ്പിലാക്കുന്നതിന് നിയമം സമഗ്രമായി പരിഷ്കരിക്കുന്നതിനായി ശിപാർശകൾ സമർപ്പിക്കുവാൻ അഡീഷണൽ ചീഫ് സെക്രട്ടറി -ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി - പൊതുഭരണ വകുപ്പ്, സെക്രട്ടറി - നിയമവകുപ്പ്, സെക്രട്ടറി ,ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും വകുപ്പ്, ഡയറക്ടർ ജനറൽ - |

ഐ.എം.ജി (കൺവീനർ) എന്നിവർ അടങ്ങിയ ഒരു സമിതി സ.ഉ(സാധാ) നം. 416/2022/ഉഭപവ, തീയതി 18/12/2022 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ഇ-ഓഫീസ് സംവിധാനം വഴി എല്ലാതരത്തിലുമുള്ള കത്തിടപാടുകൾ അയക്കുന്നതിന് വിവിധ വകുപ്പുകളിലെ ക്ലർക്കുമാർ ഉൾപ്പെടെയുള്ള എല്ലാ ഓഫീസർമാരെയും അധികാരപ്പെടുത്തി 03/12/2022-ൽ സ.ഉ.(പി) നം.27/2022/ഉ.ഭ.പ.വ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതോടൊപ്പം ഇ-ഓഫീസ് സംവിധാനം, ഇ-മെയിൽ എന്നിവ മുഖേന കത്തിടപാടുകൾ അയക്കുന്നതിന് അസിസ്റ്റന്റ്/സെക്ഷൻ ഓഫീസർ എന്നിവരെ ചുമതലപ്പെടുത്തി 26/11/2022-ൽ സ.ഉ(പി) നം.25/2022/ഉ.ഭ.പ.വ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് ഇ-ഗവേണൻസ് സമ്പ്രദായം സാർവത്രികമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ഐ.ടി. മിഷൻ വിവിധ വകുപ്പുകളുടെ ഓൺലൈൻ സേവനങ്ങൾ ഇ-സേവനം എന്ന കേന്ദ്രീകൃത സർവീസ് പോർട്ടലിലൂടെ (https://services.kerala.gov.in/) ജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പോർട്ടലിൽ 81 വകുപ്പുകളിൽ നിന്നുള്ള 869 സേവനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഓഫീസുകൾ കയറിയിറങ്ങാതെ വീട്ടിലിരുന്നു കൊണ്ടു തന്നെ സേവനങ്ങൾ സൗജന്യമായി ഉപയോഗപ്പെടുത്താൻ ഇ-സേവനം പോർട്ടൽ, എം-സേവനം മൊബൈൽ ആപ്പ്ളിക്കേഷൻ എന്നിവയിലൂടെ സാധിക്കുന്നു. എം-സേവനം മൊബൈൽ ആപ്പ്ളിക്കേഷനിൽ 79 വകുപ്പുകളുടെ 668 സേവനങ്ങൾ ലഭിക്കും.

സംസ്ഥാന സിവിൽ സർവ്വീസിനെ കാര്യക്ഷമവും അഴിമതിരഹിതവുമാക്കുന്നതിനായും വിവിധ വകുപ്പുകൾ നൽകി വരുന്ന ഓൺലൈൻ സേവനങ്ങൾ പൊതുജനങ്ങൾക്ക് സമയബന്ധിതമായി ലഭിക്കുന്നു എന്നുറപ്പ് വരുത്തുന്നതിനും ഡാഷ്ബോർഡ് സംവിധാനം തയ്യാറാക്കിയിട്ടുണ്ട് (https://dashboard.kerala.gov.in).

സർക്കാർ വകുപ്പുകളിലെ ഫയൽ നീക്കം വേഗത്തിലാക്കുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനുമായി സർക്കാർ ഓഫീസുകളിൽ ഇ-ഫയൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്

ജനങ്ങൾക്ക് ഫയൽനീക്കം സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിനായി ഇ-ഓഫീസ് സിറ്റിസൺ പോർട്ടൽ (https://eoffice.kerala.gov.in)

| | | | |
|---|---|---|---|
| | | | നിലവിലുണ്ട്. സിറ്റിസൺ പോർട്ടലിലെ ഫയൽ / തപാൽ തിരയൽ സംവിധാനം വഴി തപാൽ നമ്പരോ, ഫയൽ നമ്പരോ, വിഷയമോ, പ്രേഷിതന്റെ വിവരങ്ങളോ നൽകിയാൽ ഏത് ഉദ്യോഗസ്ഥന്റെ അടുത്താണ് നിലവിൽ ഫയലുള്ളതെന്ന വിവരം അറിയാൻ സാധിക്കും. ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയ സെക്രട്ടേറിയറ്റ്, കളക്ടറേറ്റുകൾ, താലൂക്ക് ഓഫീസുകൾ 140 സർക്കാർ / അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെയും ഫയൽനീക്കം സംബന്ധിച്ച വിവരങ്ങൾ ഈ പോർട്ടൽ വഴി ലഭ്യമാകുന്നുണ്ട്.<br><br>കൂടാതെ, ഇ-ഓഫീസിലൂടെ അംഗീകരിക്കുന്ന കത്തുകൾ, ഉത്തരവുകൾ, സർക്കുലറുകൾ എന്നിവ ഇ-ഓഫീസിലൂടെ തന്നെ മറ്റ് ഓഫീസുകളിലേയ്ക്ക് അയക്കുന്ന ഇന്റർ ഓഫീസ് / ഇൻട്രാ ഓഫീസ് കമ്മ്യൂണിക്കേഷൻ സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ഇ-ഓഫീസിലൂടെ അംഗീകരിക്കുന്ന കത്തുകൾ, ഉത്തരവുകൾ, സർക്കുലറുകൾ എന്നിവ ഇന്റർ ഓഫീസ് / ഇൻട്രാ ഓഫീസ് കമ്മ്യൂണിക്കേഷൻ സംവിധാനത്തിലൂടെ മറ്റ് ഓഫീസുകളിലേയ്ക്ക് അയയ്ക്കണമെന്ന നിർദ്ദേശം 13/12/2022 തീയതിയിലെ ഐ.ടി-സെൽ-2/207/2022/വിസവ നമ്പർ സർക്കുലർ പ്രകാരം വകുപ്പുകൾക്ക് നൽകിയിട്ടുമുണ്ട്. |
| (സി) | ഫയൽ നീക്കം അപേക്ഷകനോ ബന്ധപ്പെട്ടയാളുകൾക്കോ നിരീക്ഷിക്കാൻ വേണ്ട സൗകര്യം ഏർപ്പെടുത്തുന്നതിനും വകുപ്പുകൾ തമ്മിലുള്ള ആശയവിനിമയം ഇലക്ട്രോണിക് സംവിധാനത്തിലൂടെയാക്കുന്നതിനും ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കാമോ? | (സി) | പൊതുജനങ്ങൾക്ക് സേവനം ഒരു അവകാശമായി മാറ്റിക്കൊണ്ട് 2012-ൽ വിജ്ഞാപനം ചെയ്ത സേവനാവകാശനിയമം നടപ്പിലാക്കുന്നതിന് നിയമം സമഗ്രമായി പരിഷ്കരിക്കുന്നതിനായി ശിപാർശകൾ സമർപ്പിക്കുവാൻ അഡീഷണൽ ചീഫ് സെക്രട്ടറി -ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി - പൊതുഭരണ വകുപ്പ്, സെക്രട്ടറി - നിയമവകുപ്പ്, സെക്രട്ടറി ,ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും വകുപ്പ്, ഡയറക്ടർ ജനറൽ - ഐ.എം.ജി (കൺവീനർ) എന്നിവർ അടങ്ങിയ ഒരു സമിതി സ.ഉ(സാധാ) നം. 416/2022/ഉഭപവ, തീയതി 18/12/2022 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ഇ-ഓഫീസ് സംവിധാനം വഴി എല്ലാതരത്തിലുമുള്ള കത്തിടപാടുകൾ അയക്കുന്നതിന് വിവിധ വകുപ്പുകളിലെ ക്ലർക്കുമാർ ഉൾപ്പെടെയുള്ള എല്ലാ ഓഫീസർമാരെയും അധികാരപ്പെടുത്തി 03/12/2022-ൽ സ.ഉ.(പി) നം.27/2022/ഉ.ഭ.പ.വ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതോടൊപ്പം ഇ-ഓഫീസ് സംവിധാനം, ഇ-മെയിൽ എന്നിവ മുഖേന കത്തിടപാടുകൾ അയക്കുന്നതിന് അസിസ്റ്റന്റ്/സെക്ഷൻ ഓഫീസർ എന്നിവരെ |

ച്ചമതലപ്പെട്ടുത്തി 26/11/2022-ൽ സ.ഉ(പി) നം.25/2022/ഉ.ഭ.പ.വ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് ഇ-ഗവേണൻസ് സമ്പ്രദായം സാർവത്രികമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ഐ.ടി. മിഷൻ വിവിധ വകുപ്പുകളുടെ ഓൺലൈൻ സേവനങ്ങൾ ഇ-സേവനം എന്ന കേന്ദ്രീകൃത സർവീസ് പോർട്ടലിലൂടെ (https://services.kerala.gov.in/) ജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പോർട്ടലിൽ 81 വകുപ്പുകളിൽ നിന്നുള്ള 869 സേവനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഓഫീസുകൾ കയറിയിറങ്ങാതെ വീട്ടിലിരുന്നു കൊണ്ടു തന്നെ സേവനങ്ങൾ സൗജന്യമായി ഉപയോഗപ്പെടുത്താൻ ഇ-സേവനം പോർട്ടൽ, എം-സേവനം മൊബൈൽ ആപ്പ്ളിക്കേഷൻ എന്നിവയിലൂടെ സാധിക്കുന്നു. എം-സേവനം മൊബൈൽ ആപ്പ്ളിക്കേഷനിൽ 79 വകുപ്പുകളുടെ 668 സേവനങ്ങൾ ലഭിക്കും.

സംസ്ഥാന സിവിൽ സർവ്വീസിനെ കാര്യക്ഷമവും അഴിമതിരഹിതവുമാക്കുന്നതിനായും വിവിധ വകുപ്പുകൾ നൽകി വരുന്ന ഓൺലൈൻ സേവനങ്ങൾ പൊതുജനങ്ങൾക്ക് സമയബന്ധിതമായി ലഭിക്കുന്നു എന്നുറപ്പ് വരുത്തുന്നതിനും ഡാഷ്ബോർഡ് സംവിധാനം തയ്യാറാക്കിയിട്ടുണ്ട് (https://dashboard.kerala.gov.in).

സർക്കാർ വകുപ്പുകളിലെ ഫയൽ നീക്കം വേഗത്തിലാക്കുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനുമായി സർക്കാർ ഓഫീസുകളിൽ ഇ-ഫയൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്

ജനങ്ങൾക്ക് ഫയൽനീക്കം സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിനായി ഇ-ഓഫീസ് സിറ്റിസൺ പോർട്ടൽ (https://eoffice.kerala.gov.in) നിലവിലുണ്ട്. സിറ്റിസൺ പോർട്ടലിലെ ഫയൽ / തപാൽ തിരയൽ സംവിധാനം വഴി തപാൽ നമ്പരോ, ഫയൽ നമ്പരോ, വിഷയമോ, പ്രേഷിതന്റെ വിവരങ്ങളോ നൽകിയാൽ ഏത് ഉദ്യോഗസ്ഥന്റെ അടുത്താണ് നിലവിൽ ഫയലുള്ളതെന്ന വിവരം അറിയാൻ സാധിക്കും. ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയ സെക്രട്ടേറിയറ്റ്, കളക്ടറേറ്റുകൾ, താലൂക്ക് ഓഫീസുകൾ 140 സർക്കാർ / അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെയും ഫയൽനീക്കം സംബന്ധിച്ച വിവരങ്ങൾ ഈ പോർട്ടൽ വഴി ലഭ്യമാകുന്നുണ്ട്.

| | | | |
|---|---|---|---|
| | | | കൂടാതെ, ഇ-ഓഫീസിലൂടെ അംഗീകരിക്കുന്ന കത്തുകൾ, ഉത്തരവുകൾ, സർക്കുലറുകൾ എന്നിവ ഇ-ഓഫീസിലൂടെ തന്നെ മറ്റ് ഓഫീസുകളിലേയ്ക്ക് അയക്കുന്ന ഇന്റർ ഓഫീസ് / ഇൻട്രാ ഓഫീസ് കമ്മ്യൂണിക്കേഷൻ സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ഇ-ഓഫീസിലൂടെ അംഗീകരിക്കുന്ന കത്തുകൾ, ഉത്തരവുകൾ, സർക്കുലറുകൾ എന്നിവ ഇന്റർ ഓഫീസ് / ഇൻട്രാ ഓഫീസ് കമ്മ്യൂണിക്കേഷൻ സംവിധാനത്തിലൂടെ മറ്റ് ഓഫീസുകളിലേയ്ക്ക് അയയ്ക്കണമെന്ന നിർദ്ദേശം 13/12/2022 തീയതിയിലെ ഐ.ടി-സെൽ-2/207/2022/വിസവ നമ്പർ സർക്കുലർ പ്രകാരം വകുപ്പുകൾക്ക് നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ